"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി വീട് നിർമ്മാണത്തിന്റെ അവസാന ഗഡു തുകയായ 50,000/- രൂപ ശ്രീമതി. സുബൈദ പി, എന്ന ഗുണഭോക്താവിന് താനാളൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2335/2025/LSGD തീയതി,തിരുവനന്തപുരം, 25-09-2025

---

പരാമർശം:-
1. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29/07/2024-ലെ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025-ലെ തീരുമാനം നമ്പർ 4.18
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 18/08/2025-ലെ 91/എസ്.ആർ.ജി/എൽ.എസ്.ജി.ഡി/സിസി/ജി.എൽ നമ്പർ കത്ത്.

**ഉത്തരവ്**

താനാളൂർ ഗ്രാമപഞ്ചായത്ത് അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി വീട് നിർമ്മാണത്തിന്റെ അവസാന ഗഡു തുകയായ 50,000/- രൂപ ശ്രീമതി. സുബൈദ പി എന്ന ഗുണഭോക്താവിന് നല്കിയെങ്കിലും ഗുണഭോക്താവിന്റെ ബാങ്കിന്റെ ഐ.എഫ്.എസ്.സി മാറിയതിനാൽ അക്കൗണ്ടിൽ ലഭിക്കാതെ സർക്കാരിന്റെ സോഴ്സ് ഹെഡ്ഡിലേക്ക് വരവ് വച്ചു. ഈ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഗുണഭോക്താവിന് നല്കാൻ അനുമതി നല്കണമെന്ന പരാമർശം (1)-ലെ ആവശ്യം പരാമർശം (2) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ പരിശോധിച്ചു.

ടി തുക സർക്കാർ സോഴ്സ് ഹെഡിലേക്കാണ് വരവു വച്ചതെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് വാങ്ങിയതിനുശേഷം അർഹതപ്പെട്ട 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നല്കാൻ

അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം ജില്ല

പ്രസിഡന്റ്/സെക്രട്ടറി, താനാളൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3210007)

ഉത്തരവിൻ പ്രകാരം,

Signed by

Viraj K

Date: 25-09-2025 16:54:40

സെക്ഷൻ ഓഫീസർ